പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യ നമ്പർ 519 2019 മെയ് 29-ന് മറുപടി നൽകേണ്ടത്

**സർക്കാർ ജീവനക്കാരുടെ പെർമനന്റ് എംപ്ലോയി നമ്പർ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ: മോൻസ് ജോസഫ് | | ഡോ. തോമസ് ഐസക്<br>(ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി) |
| 519.<br>(എ) | സർക്കാർ ജീവനക്കാർക്ക് പെർമനന്റ് എംപ്ലോയി നമ്പർ നിർബന്ധമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ട്രഷറി ബിൽ മുഖേന സ്പാർക്ക് സംവിധാനത്തിലൂടെ ശമ്പള ബിൽ തയ്യാറാക്കേണ്ടുന്ന ജീവനക്കാർക്ക് പെർമനന്റ് എംപ്ലോയി നമ്പർ (PEN) നിർബന്ധമാണ്. സേവനപുസ്തകം/ Entitlement രജിസ്റ്റർ നിർബന്ധമുള്ള അത്തരം റഗുലർ ജീവനക്കാർക്ക് പെർമനന്റ് എംപ്ലോയി നമ്പർ വേണമെന്ന് 29/07/2016-ലെ GO(P) 109/2016/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | പെർമനന്റ് എംപ്ലോയി നമ്പർ ഇതുവരെയും ലഭിക്കാത്ത ഡിപ്പാർട്ടുമെന്റുകളുടെ വിഷയം എങ്ങനെ പരിഹരിക്കും എന്നറിയാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുൻസിപ്പൽ കോമൺ സർവ്വീസിൽ പെർമനന്റ് എംപ്ലോയി നമ്പർ ലഭ്യമാക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | സ്പാർക്ക് സംവിധാനം മുഖേനയല്ല മുൻസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് ശമ്പള വിതരണം നടത്തുന്നത്. ആകയാൽ അത്തരക്കാർക്ക് നിലവിൽ പെർമനന്റ് എംപ്ലോയി നമ്പർ ആവശ്യമായി വരുന്നില്ല. |
| (ഡി) | പെർമനന്റ് എംപ്ലോയി നമ്പർ നൽകിയാൽ ജീവനക്കാരുടെ വിവരം അറിയുവാൻ കഴിയുന്ന വെബ്സൈറ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ഇല്ല. |

സെക്ഷൻ ഓഫീസർ